(ബി) 30-4-2015-ലെ കണക്കനുസരിച്ച് 25.96 കോടി രൂപയാണ് സർക്കാരിന് പെൻഷൻ വിഹിതമായി ജീവനക്കാർ അടച്ചിട്ടുള്ളത്. ഈയിനത്തിൽ സർക്കാരിന്റെ വിഹിതവും കൂടി 51.91 കോടി രൂപയാണ് ഇതുവരെ ലഭ്യമായത്.

(സി) ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2014-ലെ കേന്ദ്രസർക്കാരിലെ 5(88) 2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ ടേം ഡെപ്പോസിറ്റുകൾ, റൂപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ ഫണ്ട് പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്.

പൊതുഭരണ വകുപ്പിലെ വിവിധ ഒഴിവുകൾ

2 (4329) ശ്രീ. ടി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡർ മുതൽ അസിസ്റ്റന്റ് വരെ ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഒഴിവുകൾ വരുന്ന മുറയ്ക്ക് അത് നികത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ & ബി)	ഓഫീസ് അറ്റൻഡന്റ്	-	35
	ഡ്രൈവർ	-	1
	ഫുൾ ടൈം സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ	-	10
	ഫുൾ ടൈം കമ്പ്യൂട്ടർ കം ടെലിഫോൺ ക്ലീനർ	-	2
	പാർട്ട് ടൈം സ്വീപ്പർ	-	9
	കമ്പ്യൂട്ടർ അസിസ്റ്റന്റ്	-	34
	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	12
	അസിസ്റ്റന്റ്	-	34

ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും റിപ്പോർട്ട് ചെയ്യുകയും അത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly